# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മീഞ്ച ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/920/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 11/01/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മീഞ്ച ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/920/22 തീയ്യതി: 11/01/2023

## കാസർഗോഡ് ജില്ലയിലെ മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം എൻ രാധാകൃഷ്ണൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല) | 13-09-2022 | 22-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-09-2022 | 22-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.ജയാനന്ദ എച്ച് .ഓഡിറ്റ് ഓഫീസർ
2. ശ്രീ.കുഞ്ഞികൃഷ്ണൻ കെ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ.ജനാർദ്ദനൻ സി .സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ.ഹരിവേണുഗോപാലൻ. കെ.വി. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുന്ദരി ആർ ഷെട്ടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| എസ്.പരമേശ്വരൻ നമ്പൂതിരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| ഷാനവാസ്.ഇ | സെക്രട്ടറി | 07-04-2021 | 17-04-2021 |
| എസ്.പരമേശ്വരൻ നമ്പൂതിരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-04-2021 | 02-05-2021 |
| ഷാനവാസ്.ഇ | സെക്രട്ടറി | 03-05-2021 | 29-06-2021 |
| എസ്.പരമേശ്വരൻ നമ്പൂതിരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-06-2021 | 06-07-2021 |
| ഗോപാല.കെ | സെക്രട്ടറി | 07-07-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എസ്.പരമേശ്വരൻ നമ്പൂതിരി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 09-07-2021 |
| അബ്ദുള്ള.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 10-07-2021 | 13-07-2021 |
| മണികുട്ടൻ.ഒ.വി | അസിസ്റ്റന്റ് സെക്രട്ടറി | 14-07-2021 | 31-03-2022 |
| തിമ്മ കുഡിയ.ഒ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| സജ്ജ.കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ആശ.എം.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 09-11-2021 |
| നജ്മ ചൊക്ലി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-11-2021 | 31-03-2022 |
| പ്രസൂൺ എസ്.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മീഞ്ച സർക്കിൾ) | 01-04-2021 | 11-10-2021 |
| ആര്യ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മീഞ്ച സർക്കിൾ) | 12-10-2021 | 31-03-2022 |
| പ്രസൂൺ എസ്.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കടമ്പാർ സർക്കിൾ) | 01-04-2021 | 11-10-2021 |
| ആര്യ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കടമ്പാർ സർക്കിൾ) | 12-10-2021 | 31-03-2022 |
| സത്യനാരായണ ശർമ.പി | പ്രധാനാധ്യാപകൻ | 01-04-2021 | 31-03-2022 |
| ഡോ.മഞ്ജു.എസ് | വെറ്റിനറി സർജ്ജൻ | 01-04-2021 | 04-05-2021 |
| ഡോ.ചാന്ദ്നി.കെ.ജി | വെറ്റിനറി സർജ്ജൻ | 05-05-2021 | 15-08-2021 |
| ഡോ.റോഷ്നി മോസസ് | വെറ്റിനറി സർജ്ജൻ | 16-08-2021 | 05-12-2021 |
| ഡോ.ജതിൻദാസ് രാജു | വെറ്റിനറി സർജ്ജൻ | 06-12-2021 | 31-03-2022 |
| ഡോ.പ്രഭാകർ റായ് എം | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2021 | 31-03-2022 |
| ഡോ.രാജാരാമ.ഡികെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 28-02-2022 |
| ഡോ.മുഹമ്മദ് ഇംത്യാസ്.എം | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-03-2022 | 31-03-2022 |
| ഡോ.ശിവാനി.എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 19-05-2021 |
| ഡോ.അഞ്ജു.പി | മെഡിക്കൽ ഓഫീസർ ഹോമിയോ | 20-05-2021 | 25-06-2021 |
| ഡോ.ശിവാനി.എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 26-06-2021 | 12-03-2022 |
| ഡോ. സൗമ്യ പ്രഭാകർ | മെഡിക്കൽ ഓഫീസർ ഹോമിയോ | 13-03-2022 | 31-03-2022 |
| അതുൽ ടി അഗസ്റ്റിൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ. | 1-2 |
| 3 | ബാലൻസ് ഷീറ്റിലെ പ്രധാന അപാകത | 1-2-1 |
| 4 | വസ്തു നികുതി- കണക്കുകളിലെ അപാകതകൾ | 1-2-2 |
| 5 | ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ മുഖേനയുള്ള പരിശോധന | 1-2-3 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം. | 1-7 |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 13 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല | 1-10 |
| 14 | ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സമ്പന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനുമുൻപേ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചു- അപാകത. | 1-11 |
| 15 | ആശ്രയപദ്ധതി- നിഷ്ക്രിയമായി സ്ഥിതിചെയ്യുന്നത് 35.09 ലക്ഷം രൂപ. | 1-12 |
| 16 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-13 |
| 17 | വനിതകൾക്ക് പശു വാങ്ങലിന് സബ്സിഡി നൽകൽ- ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-14 |
| 18 | പ്രവൃത്തി പൂ**ർ**ത്തീകരണത്തിലെ കാലതാമസം -നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. | 1-15 |
| 19 | എം ബുക്കി**ൽ** തെറ്റായി അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു-2757/- രൂപയുടെ അധിക ചെലവ്. | 1-16 |
| 20 | ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ 29400/- രൂപയുടെ അധികച്ചെലവ്. | 1-17 |
| 21 | പി.എച്ച്.സി- ആരോഗ്യ മേഖലയിൽ സമയബന്ധിതമായി മരുന്ന് ലഭിച്ചിട്ടില്ല. | 1-18 |
| 22 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല. | 1-19 |
| 23 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തികരിച്ചില്ല | 1-20 |
| 24 | എസ്.സി കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണ്ണീച്ചർ വാങ്ങൽ പദ്ധതി അപാകതകൾ . | 1-21 |
| 25 | ആരോഗ്യ മേഖലയിൽ സമയബന്ധിതമായി മരുന്ന് ലഭിച്ചിട്ടില്ല. | 1-22 |
| 26 | ചെയ്യാത്ത ഇനം പ്രവൃത്തിക്ക് അളവ് രേഖപ്പെടുത്തി തുക ന**ൽ**കി-23363/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-23 |
| 27 | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കൽ-അപാകത (പട്ടിക വർഗം) | 1-24 |
| 28 | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കൽ-അപാകത (പട്ടിക ജാതി) | 1-25 |
| 29 | എസ് എസ് കെ -പഞ്ചായത്ത് വിഹിതം നല്കിയത് | 1-26 |
| 30 | വിജ്ഞാൻ ജ്യോതി പദ്ധതി നടപ്പിലാക്കിയത് | 1-27 |
| 31 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു | 1-28 |
| | ഭാഗം **2** | |

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | എം ബുക്കിൽ തെറ്റായി അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു-2757/- രൂപയുടെ അധിക ചെലവ്. | 3-1 |
| 2 | ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ 29400/- രൂപയുടെ അധികച്ചെലവ്. | 3-2 |
| 3 | ചെയ്യാത്ത ഇനം പ്രവൃത്തിക്ക് അളവ് രേഖപ്പെടുത്തി തുക നൽകി-23363/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ബാലൻസ് ഷീറ്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 6 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കാത്ത പ്രവൃത്തികൾ. | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/22തീയതി 22-02-2021 | 4/2022തീയതി 10-03-2022 |
| മുന്നിരിപ്പ് | 14,20,096 | 3,52,05,279 |
| വരവ് | 13,83,83,000 | 16,38,48,835 |
| ആകെ | 13,98,03,096 | 19,90,54,114 |
| ചെലവ് | 13,66,37,190 | 19,52,16,884 |
| നീക്കിയിരിപ്പ് | 31,65,906 | 38,37,230 |

### 1-2 വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ബാലൻസ് ഷീറ്റിലെ പ്രധാന അപാകത

2021-22 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. കൂടാതെ ചില ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് ചെലവഴിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ലഭിച്ച തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. തനത് ഫണ്ട് അക്കൗണ്ട്, ഇ-പെയ്മെന്റ് അക്കൗണ്ടുകൾ എന്നിവയിൽ വിവിധ ഗ്രാന്റുകളും ഫണ്ടുകളും അക്കൗണ്ട് ചെയ്തിട്ടുണ്ട്.എന്നാൽ മേൽ അക്കൗണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ അതത് ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

### 1-2-2 വസ്തു നികുതി- കണക്കുകളിലെ അപാകതകൾ

വസ്തു നികുതി പിരിവ്, ബാക്കി എന്നിവയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള 2021-22-ലെ കളക്ഷൻ പ്രോഗ്രസ് റിപ്പോർട്ടിൽ വസ്തുനികുതി പിരിവിൽ ബുക്ക് അഡ്ജസ്റ്റ്മെന്റുകൾ നടത്തിയിട്ടുള്ളതായി കാണുന്നു. ഇതിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ, അഡ്ജസ്റ്റമെന്റ് നടത്താനുള്ള അനുമതികൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക വസ്തു നികുതിയുടെ മുന്നിരിപ്പ്, പിരിവ്, ബാക്കി എന്നിവ സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 1-2-3 ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ മുഖേനയുള്ള പരിശോധന

തദ്ദേശ സ്ഥാപന സ്ഥാപനങ്ങളുടെ വിവിധ സോഫ്റ്റ് വെയറുകൾ സംയോജിപ്പിച്ച് ഒരു സോഫ്റ്റ് വെയറിന് കീഴിൽ എല്ലാ സേവനങ്ങളും എത്തിക്കുന്നതിന് വേണ്ടിയാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ സേവനങ്ങൾക്ക് ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ, സങ്കേതം, സൂചിക, സേവന, സചിത്ര, സകർമ്മ, സുലേഖ, സ്ഥാപന തുടങ്ങി 17 സോഫ്റ്റ് വെയറുകൾ ഒരു പ്ലാറ്റ് ഫോമിലേക്ക് എന്നതാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിലൂടെ ലക്ഷ്യം വെക്കുന്നത്. എന്നാൽ നിലവിൽ നടപ്പാക്കിയിരിക്കുന്നത് സൂചിക(എൽ.ബി) സേവന സിവിൽ രജിസ്ട്രേഷൻ, ഫിനാൻസ് മൊഡ്യൂൾ എന്നിവ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവ തന്നെ പൂർണ്ണമായും പ്രവർത്തന ക്ഷമമായ നിലയിലെത്തിയിട്ടില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിന് മുമ്പ് വികസിപ്പിച്ച സോഫ്റ്റ് വെയറുകൾ തന്നെ ആയവ ലക്ഷ്യം വെച്ചിട്ടുള്ള നിലയിലേക്ക് എത്തിച്ചേരുന്നതിന് മുമ്പ് തന്നെ ഇവ മുഖേനയുള്ള സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിലെത്തിക്കുന്നതിന് വേണ്ടി പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കി നടപ്പാക്കുമ്പോൾ ഉണ്ടാവേണ്ട ഗുണപ്രദമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല.

1.മീഞ്ച ഗ്രാമപഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ് 20.09.20 ന് തുടങ്ങി. 20.09.20വരെ സാംഖ്യയിൽ Reconciliation,web Sankhya Data Mapping,Accruel Demand,Advance Adjustment എന്നിങ്ങനെ എല്ലാ നടപടികളും പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല.

ഐ.കെ.എം.ടെക്നിക്കൽ എക്സ്പെർട്ട് ഇത്തരം നടപടികൾ ചെയ്യുന്നതിനാൽ പഞ്ചായത്ത് ജീവനക്കാർ ഇക്കാര്യം അറിയുന്നില്ല.ഇത് സംബന്ധിച്ച് ഒരു ഫയൽ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

2.പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സേവന,സാംഖ്യ,സൂചിക എന്നിവമാത്രമാണ് ഐ.എൽ.ജി.എം.എസ് ആയി ലിങ്ക് ചെയ്തിട്ടുള്ളത്.ആയതിനാൽ തന്നെ പദ്ധതിചെലവുകണക്കുകൾ Year Ending Adjustment ആയാണ് ഐ.എൽ.ജി.എം.എസ് ൽ ചെയ്യുന്നത്.ഐ.കെ.എം ന്റെ സഹായത്തോടെ മാത്രമാണ് ഇത്തരം അഡ്ജസ്റ്റ് മെന്റുകൾ ചെയ്യാൻ കഴിയുന്നുള്ളൂ.

3.ഓൺലൈൻ പേയ്മെന്റുകൾ വഴി അടക്കുന്ന തുക ഐ.കെ.എം ന്റെ അക്കൌണ്ടിലേക്കാണ് പോകുന്നത്.ഐ.കെ.എം പഞ്ചായത്തിലേക്ക് നൽകുന്ന തുകകൾ ജേർണൽ എൻട്രി വഴി യാണ് ഐ.എൽ.ജി.എം.എസിൽ വരവ് വരുത്തുന്നത്. അതായത് സഞ്ചയയിൽ വരുന്ന തുക പഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ വരുന്നതിന് കാലതാമസംവരുന്നു.

4.മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ ഐ.എൽ.ജി.എം.എസ് ൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഐ.എൽ.ജി.എം.എസിലേക്ക് മാറിയപ്പോൾ ഉള്ള മുൻബാക്കി,പിന്നീട് വരവ് വന്ന രശീതുകളുടെ വിവരം എന്നിവ ചേർക്കാത്തതിനാൽ ഐ.എൽ.ജി.എം.എസ് ലെ മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമല്ല.

5.ട്രയൽ ബാലൻസ്,ജേർണൽ റിപ്പോർട്ട്,ക്യാഷ് ബുക്ക് സമ്മറി.ബാലൻസ് ഷീറ്റ് ,ബാങ്ക് ബുക്ക് ,ഫ്രണ്ട് ഓഫീസ് ഡയറി,ചിട്ട,ഡേ ബുക്ക്,ഇൻകം ആൻഡ് എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റ് ,റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ,ഹെഡ് വൈസ് റിപ്പോർട്ട് ,സ്റ്റാഫ് ഡ്യൂട്ടി ബുക്ക്,ഫണ്ട് ട്രാൻസ്ഫർ,മറ്റ് റിപ്പോർട്ടുകൾ എന്നിവയാണ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നത്.ഓഡിറ്റിന് വേണ്ട ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ ,ചെക്ക് ഇഷ്യൂരജിസ്റ്റർ,ബിൽ രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ,മുൻകൂർ രജിസ്റ്റർ,ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ,ലോൺ രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ,ആസ്തിരജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ,കണ്ടിജന്റ് രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ ,നികുതി,നികുതിയേതരവരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ,ബാലൻസ് റിപ്പോർട്ടുകൾ ,എന്നിവയൊന്നും ഐ.എൽ.ജി.എം.എസിൽ ഇല്ല.

6.Receipt Voucher,Payment Voucher,Contra Voucher,Journal Voucher എന്നിവയുടെ ലിസ്റ്റ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നില്ല. കൂടാതെ ഒരു പേമെന്റ് വൗച്ചർ തയ്യാറാക്കി നൽകിയതിന് ശേഷം പേമെന്റ് നടത്താതിരുന്നാൽ പ്രസ്തുത തുക ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ “Directly Credited By Bank” കൂടാതെ വരവ് ഇനങ്ങൾ “Directly Debited By Bank” എന്നുമാണ് രേഖപ്പെടുത്തുന്നത്. ഇത് തെറ്റായ രീതിയാണ്. പേമെന്റ് വൗച്ചർ തയ്യാറാക്കിയതിന് ശേഷം പേമെന്റ് നടത്താത്ത വൗച്ചറുകളുടെ ലിസ്റ്റ് നിലവിൽ ഈ സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നില്ല.

7.ഐ.എൽ.ജി.എം.എസിലെ പല റിപ്പോർട്ടുകളും കിട്ടുന്നില്ല.

ഉദാ:-പേഴ്സണൽ രജിസ്റ്റർ,

മെസ്സേജ് ബുക്ക്

സ്റ്റാറ്റസ് റിപ്പോർട്ട്

8.Interrupted Receipts ക്യാൻസൽ ചെയ്യേണ്ട സാഹചര്യം വരുമ്പോൾ ILGMS -ൽ രേഖപ്പെടുത്താൻകഴിയുന്നില്ല.

9.Email ആയി വരുന്ന തപാലുകൾ കൈകാര്യം ചെയ്യാൻ മോഡ്യൂൾ ആക്ടീവ് അല്ല.

10.ഡേ ബുക്ക് റിപ്പോർട്സ്

മേൽ റിപ്പോർട്സ് എടുക്കുമ്പോൾ റിപ്പോർട്ടിൽ തീയതി വെച്ചുള്ള ക്ലോസിംഗ് വിവരങ്ങൾ ലഭിക്കുന്നില്ല. ഇത് കൊണ്ട് ലഭിച്ച തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് സംബന്ധിച്ച് പരിശോധന സാധ്യമല്ല. തുക ബാങ്കിൽ ഒടുക്കിയത് സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്ത് നോക്കി ILGMS സോഫ്റ്റ് വെയറിൽ അതത് ദിവസമോ, മാസാന്ത്യമോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം നിലവിലില്ല.

ബാങ്ക് ബുക്ക്

നിലവിൽ ബാങ്ക് റിപ്പോർട്ട് View ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ഓഡിറ്റർക്ക് ലഭ്യമായിട്ടുള്ളത്. ബാങ്ക് ബുക്ക് ലഡ്ജർ റസീപ്റ്റ് , പേമെന്റ്, കോൺട്ര എൻട്രികളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് തെരയുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന പക്ഷം ഇവയുടെ പരിശോധന നടത്താൻ സാധിക്കും.

നിലവിൽ ഓരോ ചെക്കും നൽകുമ്പോൾ ചെക്ക് നമ്പർ ILGMS സോഫ്റ്റ് വെയറിൽ നേരിട്ട് രേഖപ്പെടുത്തുന്ന രീതിയാണ് ഉള്ളത്. വിവധ ആവശ്യങ്ങൾക്കും വിവിധ ഫണ്ടുകൾക്കും വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളാണ് ഗ്രാമ പഞ്ചായത്ത് എന്നതിനാൽ തന്നെ ചെക്ക് നമ്പറുകൾ മാറി നൽകപ്പെടുന്നതിന് ഇടയാവുകയും കൃത്യത ഇല്ലാത്ത റിപ്പോർട്ടുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ആയതിനാൽ ഓരോ ചെക്കുകളുടെയും ചെക്ക് നമ്പറുകൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്.

11.ചെക്ക് ഇഷ്യൂ രജിസ്റ്റർ ലഭ്യമല്ല.

നൽകിയ ചെക്കുകളുടെയും പിൻവലിക്കലുകളുടെയും വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ചെക്ക് ഇഷ്യൂ രജിസ്റ്റർ റിപ്പോർട്ടുകളിൽ ലഭ്യമല്ല. ചെക്ക് ഇഷ്യൂ രജിസ്റ്ററുകളിൽ വൗച്ചറുകളുടെ നമ്പർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിലവിൽ അക്കൗണ്ടുകളിൽ ചെക്ക് നമ്പറുകൾ ചെക്കുകൾ നൽകുന്ന സമയത്ത് സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്ന രീതിയാണുള്ളത്. ഇതിന് പകരം ചെക്ക് ബുക്കുകൾ ലഭിക്കുന്ന സമയത്ത് തന്നെ ഓരോ ബാങ്ക്

അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകൾ (രശീത് ബുക്കുകളുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്ന രീതിയിൽ ) രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നത് മുഖേന ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുന്നതാണ്.

12.ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിന് ലഭിച്ച ചെക്കുകളുടെയും ഡ്രാഫ്റ്റുകൾ പണമായി മാറിയത് പരിശോധിക്കുന്നതിനും റിക്കൺസിൽ ചെയ്യുന്നതിനുമായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ റിക്കൺസിൽ ചെയ്യേണ്ടതും ആയതിന് സെക്രട്ടറി അംഗീകാരം നൽകേണ്ടതുമാണ്. വാർഷിക കണക്കുകൾ സമർപ്പിച്ചതിന് ശേഷം തിരുത്തലുകൾ വരുത്തുന്ന രീതി നിയന്ത്രിക്കേണ്ടതുമാണ്.

13.രശീതുകളുടെ ക്യാൻസലേഷൻ

മുൻവർഷം നൽകിയ രശീതുകൾ തുടർവർഷങ്ങളിലും ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. വാർഷിക കണക്കുകൾ സമർപ്പിച്ചതിനു ശേഷവും രശീതുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നില നിൽക്കുന്നത് തെറ്റായ നടപടിക്രമമാണ്.

14.ലഡ്ജർ ബുക്കുകൾ

ഓഡിറ്റ് മൊഡ്യൂളുമായി ബന്ധപ്പെടുത്തി നൽകിയിട്ടുള്ള ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ് മെന്റ് , രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവയോടൊപ്പം ലിങ്ക് നൽകിയിട്ടുള്ള ലഡ്ജർ ബുക്ക് പരിശോധിക്കുമ്പോൾ ഭൂരിഭാഗവും ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പരിശോധിക്കാൻ സാധിക്കുന്നില്ല.

15.വ്യവസായം, വാണിജ്യം, സംരംഭകത്വം, മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ്

തദ്ദേശ സ്ഥാപന അധികാര പരിധിയിൽ വ്യവസായങ്ങളോ വാണിജ്യ സ്ഥാപനങ്ങളോ മറ്റ് സ്ഥാപനങ്ങളോ ആരംഭിക്കുന്നതിന് വേണ്ടി ലൈസൻസിന് അപേക്ഷ നൽകിയവരുടെയും , ലൈസൻസ് നേടിവരുടെയും , മുൻകാലങ്ങളിൽ ലൈസൻസ് ലഭിച്ച് തൻവർഷം പുതുക്കിയവരുടെയും , മുൻവർഷങ്ങളിൽ ലൈസൻസ് ലഭിച്ചവരും എന്നാൽ തൻവർഷം പുതുക്കാത്തവരുമായ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ ലിസ്റ്റ് റിപ്പോർട്ട് രൂപത്തിൽ ലഭിക്കാനുള്ള സൗകര്യം നിലവിലില്ല. മേൽ പ്രകാരമുള്ള സ്ഥാപനങ്ങൾ വ്യക്തികൾ ലൈസൻസ് ഫീസ്, മറ്റ് അനുബന്ധ നികുതികളും ഫീസുകളും ഒടുക്കിയതിന്റെ റിപ്പോർട്ടുകളും ലഭിക്കുന്നില്ല. ഇവ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നത് അല്ലെങ്കിൽ അംഗീകാരം നൽകുന്ന സംവിധാനം നിലവിലില്ല.

16.തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാന്റ് പരിശോധിക്കുന്നതിനാവശ്യമായ ട്രേഡേഴ്സ് ലിസ്റ്റ് , എംപ്ലോയിസ് തൊഴിൽ നികുതി തുടങ്ങിയവ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോ ഇവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല. ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി സെക്രട്ടറി / ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് അംഗീകാരം നൽകി കാലികമാക്കി നിജപ്പെടുത്തുന്ന രീതി നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് ഡിജിറ്റൽ രീതിയിൽ പരിശോധന സാധ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

17.വസ്തു നികുതി (സഞ്ചയ സോഫ്റ്റ് വെയർ)

സഞ്ചയ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കിയിട്ടില്ല. മേൽ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ തന്നെ ഇത് പരിശോധന സാധ്യമല്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിരവധി തവണ ഐ.കെ.എം വസ്തു നികുതി വിവരങ്ങളിൽ (Data) പ്യൂരിഫിക്കേഷൻ പ്രവൃത്തി നടത്തുകയും പിന്നീട് വസ്തു നികുതി വിവരങ്ങളിൽ മുൻകാല പ്രാബല്യത്തിൽ വ്യത്യാസങ്ങൾ വരുകയും ചെയ്യുന്നുണ്ട്. വാർഷിക കണക്കുകൾ സമർപ്പിക്കുന്ന സമയത്തുള്ള വിവരങ്ങൾ പിന്നീട് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

18.കെട്ടിട നിർമ്മാണ അനുമതി - കെട്ടിട നിർമ്മാണ ക്രമവത്കരണം ( സങ്കേതം സോഫ്റ്റ് വെയർ)

കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷ സങ്കേതം സോഫ്റ്റ് വെയർ മുഖേനയാണ് സ്വീകരിക്കുന്നത്. ഓരോ അപേക്ഷകനും സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിച്ച് സമർപ്പിക്കുന്ന രേഖകളുടെയും അനുബന്ധ രേഖകളുടെയും അച്ചടിച്ച പകർപ്പുകൾ (Hard Copy) സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതായുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും സങ്കേതം സോഫ്റ്റ് വെയറിലേക്ക് Upload ചെയ്യാൻ നിലവിൽ സൗകര്യം ഇല്ല. അധികമായി വേണ്ടുന്ന രേഖകളുടെ പകർപ്പുകൾ Pdf ഫയൽ രൂപത്തിൽ ഉൾപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ഇത് ഡിജിറ്റൽ ഫയൽ സിസ്റ്റം പൂർണമാക്കുന്നതിന് സൗകര്യപ്രദമല്ല. ഇത് ജനങ്ങൾക്ക് അധിക പണ ചെലവിനും ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നു. സങ്കേതം സോഫ്റ്റ് വെയർ നിലവിൽ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സങ്കേതം സോഫ്റ്റ് വെയർ തന്നെ ആയതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവശ്യമായ രീതിയിൽ വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിലെ അവസ്ഥയിൽ ആയത് ഉൾപ്പെടുത്തുന്നത് ഉദ്ദശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമല്ല. ഈ സോഫ്റ്റ് വെയർ മുഖേനയുള്ള റിപ്പോർട്ടുകൾ നിലവിൽ ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യമല്ല. കെട്ടിട നിർമ്മാണ അപേക്ഷ സ്വീകരിക്കുമ്പോൾ കെട്ടിട നിർമ്മാണ അനുമതി ഫീസ് ഈടാക്കുന്നതിന് ആയതിന്റെ ഡിമാന്റ് നമ്പർ ചേർക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഡിമാന്റ് നമ്പർ ചേർക്കാതെ തന്നെ ഫീസ് ഈടാക്കുന്നതിനും അനുമതി നൽകുന്നതിനും ഈ സോഫ്റ്റ് വെയർ മുഖേന സാധിക്കുന്നു.

19. പണം പിരിവ് , ഒടുക്കൽ, പിൻവലിക്കൽ എന്നിവയുടെ പരിശോധന

തദ്ദേശ സ്ഥാപനത്തിൽ വിവിധ രീതിയിലുള്ള പിരിവുകളുടെയും ആയത് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിന്റെയും പരിശോധന ILGMS സോഫ്റ്റ് വെയർ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ILGMS സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ നിലവിലെ രീതിയിൽ പരിശോധന നടത്തിയാൽ ഓഡിറ്റ് പരിശോധന ലഘൂകരിക്കപ്പെടുന്നില്ല. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങൾ ബാങ്ക് ബുക്ക് , ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി നിശ്ചയിക്കപ്പെട്ട ഇടവേളകളിൽ പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സംവിധാനം ഈ സോഫ്റ്റ് വെയറിൽ നിലവിലില്ല. പണം പിൻവലിക്കുന്നത് സംബന്ധിച്ചും ഇത്തരത്തിൽ പരിശോധന സാധ്യമാക്കുന്നതിനുള്ള സംവിധനമില്ല. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റർക്ക് ലഭിക്കുന്നില്ല.

20.സ്റ്റോക്ക് രജിസറ്റർ

വിവിധ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും തന്നെ ഓഡിറ്റർക്ക് റിപ്പോർട്ട് രൂപത്തിൽ ലഭിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച് ചട്ടങ്ങൾ പ്രകാരമുള്ള പരിശോധന നടത്തുന്നതിനുള്ള മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടില്ല.

21.ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്

ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യാക്കിയിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് നൽകിയിട്ടുള്ള ചെക്കുകൾ ഏതെങ്കിലും കാലാവധിക്കുള്ളിൽ പണമായി മാറാതിരുന്നിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ലഭിക്കുന്നില്ല. ഇത്തരം ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നത് സംബന്ധിച്ച സൗകര്യങ്ങളോ മൊഡ്യൂളുകളോ ഇല്ല. അത് പോലെ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ചെക്കുകളോ ഡ്രാഫ്റ്റുകളോ പണമായി മാറാൻ സാധിക്കാത്ത സ്ഥിതി വന്നാൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമല്ല. ഇതിൻമേൽ സ്വീകരിച്ചിട്ടുള്ള നിയമ നടപടികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താനുള്ള മൊഡ്യൂളുകൾ ഏർപ്പെടുത്തിയിട്ടില്ല.

മേൽ വിഷയങ്ങൾ അറിവിലേക്കായും വിശദമായ മറുപടി ലഭ്യമാക്കുന്നതിനുമായി ശ്രദ്ധയിൽ പെടുത്തുന്നു.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 3,62,48,918.41 |
| വരവ് | 7,93,81,858.00 |
| ആകെ | 11,56,30,776.41 |
| ചെലവ് | 6,49,03,128.00 |
| നീക്കിയിരിപ്പ് | 5,07,27,648.41 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (20 21-22)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,58,29,738 | 1,58,29,738 | 1,58,19,519 | 10,219 | 99.93 |
| വികസനഫണ്ട് എസ്.സി.പി. | 0 | 37,29,900 | 37,29,900 | 37,28,704 | 1196 | 99.96 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4,85,100 | 4,85,100 | 3,06,129 | 1,78,971 | 63.10 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,07,89,766 | 1,07,89,766 | 4085012 | 6704754 | 37.86 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 60,05,325 | 60,05,325 | 35,34,702 | 24,70,623 | 58.85 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(untied) | ബാങ്ക്-0 | 28,46,000 | 28,46,000 | 20,48,017 | 7,97,983 | 71.96 |
| | ട്രഷറി-0 | 7,85,497 | 7,85,497 | 7,37,905 | 47,592 | 93.94 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | ബാങ്ക്-0 | 42,69,000 | 42,69,000 | 13,61,241 | 29,07,759 | 31.88 |
| | ട്രഷറി-0 | 43,59,656 | 43,59,656 | 25,09,059 | 18,50,597 | 57.55 |

1) വികസനഫണ്ട്-ജനറൽ സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 36,75,137 രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 2,80,412/ രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 58,317/ രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,16,06,470 | 1,16,06,470 | 1,16,06,470 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 30,98,292 | 30,98,292 | 30,98,292 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2,47,812 | 2,47,812 | 2,47,812 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 39,34,192 | 39,34,192 | 39,34,192 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 33,14,415 | 33,14,415 | 33,14,415 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്((untied) | ട്രഷറി- 0 | 6,58,060 | 6,58,060 | 6,58,060 | 0 |
| | ബാങ്ക്-0 | 38,46,000 Intrest 52612 | 38,46,000 (Intrest 52612) | 20,48,017 | 17,97,983( Intrest52612) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | ട്രഷറി- 0 | 25,06,234 | 25,06,234 | 25,06,234 | 0 |
| | ബാങ്ക്-0 | 42,69,000 | 42,69,000 | 13,61,241 | 29,07,759 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 76,952 | 6,05,355 | 6,82,307 | 6,81,713 | 594 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 3,90,000 | 3,90,000 | 3,90,000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 2,48,000 | 2,48,000 | 2,48,000 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് | 10,00,000 | 1,25,17,234 | 1,35,17,234 | 1,27,95,976 | 7,21,258 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 10,50,584 | 27,99,702 | 38,50,286 | 27,99,702 | 10,50,584 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 15,73,461 | 16,78,123 | 32,51,584 | 16,78,123 | 15,73,461 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 76,952 | 6,05,355 | 6,82,307 | 6,81,713 | 594 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 13,04,211 | 10,43,970 | 23,48,181 | 18,66,445 | 4,81,736 |
| സമ്പൂർണ്ണ ശുചിത്വ പദ്ധതി TSC | 25,57,815 | 4,22,307 | 29,80,122 | 29,80,122 | 0 |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 6,20,000 | 0 | 6,20,000 | 0 | 6,20,000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ജല നിധി | 28,21,279 | 27,27,757 | 55,49,036 | 0 | 55,49,036 |
| നിർമൽ പുരാഷ്ക്കർ | 2,50,000 | 0 | 2,50,000 | 0 | 2,50,000 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 1,25,17,234/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് പലവിധ വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2021-22 വർഷം 1,63,01,770/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2021-22 വർഷം 4,87,64,100/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 7,59,12,409 | 134 | 5,50,25,345 | 0 | 29 | 82.20 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 23 | 59,13,134 | 23 | 52,69,266 | 89.11 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 87 | 2,78,84,192 | 61 | 1,45,13,087 | 52.04 |
| 3 | കൃഷി ഓഫീസർ | 7 | 68,31,480 | 7 | 68,18,154 | 99.80 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(1) | 15 | 1,94,49,897 | 13 | 1,54,35,056 | 79.35 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 52,74,500 | 6 | 46,69,652 | 88.53 |
| 6 | വെറ്റിനറി സർജ്ജൻ | 7 | 30,47,500 | 7 | 17,14,332 | 56.25 |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 1,75,000 | 2 | 1,74,969 | 99.98 |
| 8 | മെഡിക്കൽ ഓഫീസർ | 2 | 8,60,000 | 2 | 8,20,011 | 95.35 |

| | | | | | | |
|---|---|---|---|---|---|---|
| | അലോപ്പതി | | | | | |
| 9 | പ്രധാനാധ്യാപകൻ | 6 | 17,51,706 | 6 | 15,42,529 | 88.05 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 34,95,000 | 4 | 31,38,289 | 89.79 |
| 11 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 4,30,000 | 2 | 4,30,000 | 100 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 8,00,000 | 1 | 5,00,000 | 62.05 |
| | ആകെ | 163 | 7,59,12,409 | 134 | 5,50,25,345 | 72.48 |

2021-22 വർഷത്തിൽ പദ്ധതി അടങ്കൽ തുകയുടെ 72.48 ശതമാന മാത്രമാണ് ചെലവ് ചെയ്തത്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 76,952 | 6,05,355 | 6,82,307 | 6,81,713 | 594 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,63,01,770 | 1,63,01,770 | 1,63,01,770 | 0 |
| ആകെ | 76,952 | 1,69,07,125 | 1,69,84,077 | 1,69,83,483 | 594 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 499 പദ്ധതികളുൾപ്പെടുന്ന 9,81,01,120 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 1,63,01,770 രൂപയുടെ 194 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 47644 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 224 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.

| ക്ഷേമപദ്ധതിയുടെ പേർ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 13,94,600 | 95 |
| വിധവാപെൻഷൻ | 1,62,21,000 | 1054 |
| വാർദ്ധക്യകാലപെൻഷൻ | 2,54,76,800 | 1871 |
| വികലാംഗപെൻഷൻ | 50,27,300 | 328 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 254400 | 17 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 3,90,000 | 13 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-09-2022 തീയ്യതിയിൽ 3. Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 818/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

### പൊതു നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |

| | | |
|---|---|---|
| 3 | ഹെഡ്ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 2 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | PTS | 1 |

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 54 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 16 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 12 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 11 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2021-22 സാമ്പത്തിക വർഷം 7 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വരവുകളിൻ മേലുള്ള നിയന്ത്രണം

വാടക സംബന്ധിച്ച രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. ഇതിന്റെ സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മറ്റ് വരവിനങ്ങളുടെ ഡിമാന്റുകൾ കൃത്യമായി ഡി.സി.ബി. രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് .

ഗ്രാമ പഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, ഇംകമ്പൻസി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ അക്കൗണ്ട്

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. രസീത് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഓരോ അക്കൗണ്ടിങ്ങ് രേഖകളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ത ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി 3 തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-10 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200 (2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമ പഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള

പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപ നികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് (Code No 230100101) | 1,73,655 |
| ആകെ | 1,73,655 |

ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽകൊണ്ടു വരുന്നു.

## 1-11 ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സമ്പന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനുമുൻപേ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചു- അപാകത.

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതു സമ്പന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സമ്പന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 23.06.2021ലെ ഉത്തരവ് നമ്പർ A2/10/2020 എസ്.സി.2 പ്രകാരം ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് 1,12,665/- രൂപ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ.22100168 തീയ്യതി.25.06.2021) ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മാറിയിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക. | ആർജിത അവധി സറണ്ടർ ഇനത്തിൽ അനുവദിച്ച തുക. |
|---|---|---|
| 1 | വിനിത ടി.ബി, സീനിയർ ക്ലർക്ക് | 42,513 |
| 2 | സന്ദേശ്.കെ, ക്ലർക്ക് | 36,519 |
| 3 | മുഹമ്മദ് റഫീക്ക് എസ്, ക്ലർക്ക് | 33,633 |
| | ആകെ | 1,12,665/- |

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായ് ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സമ്പന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായ് ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/19.09.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സാമ്പത്തിക നിയന്ത്രണത്തിന്റെ ഭാഗമായി സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ എല്ലാ വകുപ്പുകൾക്കും ബാധകമാണ്. ഇത്തരം നിയന്ത്രണങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-12 ആശ്രയപദ്ധതി- നിഷ്ക്രിയമായി സ്ഥിതിചെയ്യുന്നത് 35.09 ലക്ഷം രൂപ.

ആശ്രയ ഒന്നാം ഘട്ട പദ്ധതി നടത്തിപ്പിനായി ചലഞ്ച് ഫണ്ടിനത്തിൽ ലഭിച്ച 9,31,815/- രൂപയിൽ പലിശയുൾപ്പടെ 2,79,28.28രൂപ നിലവിൽ (31.03.2022) കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. അതുപോലെ 34,81,689.37/-രൂപ കുടുംബശ്രീ സി.ഡി.എസിന്റെ തനത് ഫണ്ട് അക്കൗണ്ടിലും വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. ആദ്യഘട്ടപദ്ധതിയിൽ 74 ഗുണഭോക്താക്കളായിരുന്നു ഉൾപ്പെട്ടിരുന്നത്. എന്നാൽ പദ്ധതിയിൽ ലക്ഷ്യം വെച്ചിരുന്ന പല പ്രവർത്തനങ്ങളും പൂർത്തീകരിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖയിലെ നിർദ്ദേശപ്രകാരമുള്ള (അനുബന്ധം 4) അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായി 74 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 32,75,123/-ലക്ഷം അടങ്കലുള്ള പദ്ധതിരേഖ തയ്യാറാക്കി ഭരണസമിതി അംഗീകാരത്തോടെ കുടുംബശ്രീ മിഷന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. ആശ്രയ പദ്ധതിയ്ക്കായി

ലഭിച്ച് ചെലവഴിക്കാതെ സി.ഡി.എസ്. അക്കൗണ്ടിൽ സ്ഥിതി ചെയ്യുന്ന 2.79 ലക്ഷം രൂപ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിക്കുവാൻ സാധിക്കുമോയെന്ന കാര്യം സർക്കാരിനോട്/കുടുംബശ്രീ സംസ്ഥാന മിഷനോട് ആരായേണ്ടതും, അനുമതി ലഭ്യമാകുന്ന പക്ഷം പ്രസ്തുത തുക അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഫലപ്രദമായി വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 23 തീയ്യതി 20.09.2022)

1-13 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഗ്രാമ പഞ്ചായത്ത് വിഹിതമായി ₹4,12,262/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 4,12,262/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 04/15.09.2022, 07 തീയ്യതി 16.09.2022,16 തീയ്യതി 19.09.2022, 17 തീയ്യതി 19.09.2022)

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ റഫറൻസ് നം / വൗച്ചർ നം/തിയതി. | തുക | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | സെക്രട്ടി | പ്രോജക്ട് നം. S0151/22 എബിസി പദ്ധതി | 22100436/ 03.11.2021 | 1,00,000/- | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് കാസറഗോഡ് A/C. No.79901310000006 |
| 2 | സെക്രട്ടി | പ്രോജക്ട് നം. S0002/22 എെ.കെ.എം ന് പഞ്ചായത്ത് വിഹിതം നൽകൽ | 21200652003100237247 / 23.07.2021 | 62,262/- | ഇൻഫർമേഷൻ കേരളാ മിഷൻ A/C. No.57047023512 |
| 3 | സെക്രട്ടി | പ്രോജക്ട് നം. S0205/22 കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകൽ | 21200652003100923373 / 06.01.2022 | 50,000/- | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ തിരുവനന്തപുരം A/C. No 701011400000134 |
| 4 | സെക്രട്ടി | പ്രോജക്ട് നം. S0113/2222100435/ 03.11.2021 ഓക്സിജൻ പ്ലാന്റ് തുടങ്ങുന്നതിനായി ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ. | 21200252001000566131 / 27.10.2021 | 2,00,000/- | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് കാസറഗോഡ് A/C. No.79901310000006 |
| | | | ആകെ | 4,12,262 | |

1-14 വനിതകൾക്ക് പശു വാങ്ങലിന് സബ്സിഡി നൽകൽ- ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | S0074/22 |
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് പശു വാങ്ങലിന് സബ്സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 17,00,000/-<br>850000/-വികസന ഫണ്ട് (ജനറൽ)<br>850000/-ഗുണഭോക്തൃവിഹിതം |
| ചെലവ് തുക | 7,75,000/- ( ഗുണഭോക്തൃവിഹിതം) |
| ബിൽ റിക്വസിഷൻ നമ്പർ, തീയതി | 5118200301210010/ 10-03-2022 - 4,75,000/-<br>5118200301210015/ 17.03.2022 – 3,00,000/- |

മീഞ്ച ഗ്രാമ പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വനിതകൾക്ക് പശു വാങ്ങലിന് സബ്സിഡി (പ്രോജക്ട് നം.S0074/22) നൽകൽ എന്ന പദ്ധതിക്ക് ഗുണഭോക്തൃ വിഹിതമായി 7,75,000/-രൂപ നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ സബ്സിഡി തുക നൽകിയത് 2022-23സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ട് പ്രകാരമാണ്( പ്രൊജക്ട് നം.S0053/23).

പദ്ധതിയുടെ ഗുണഭോക്തൃ പട്ടിക പഞ്ചായത്ത് ഭരണ സമിതിയുടെ 12.10.2021 തീയ്യതിയിലെ 2/1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി. പദ്ധതിയുടെ ഭാഗമായി 31 ഗുണഭോക്താക്കൾക്ക് പശുക്കൾ വാങ്ങുന്നതിനായി പർച്ചേസ് കമ്മിറ്റി അംഗീകാരം നൽകിയിരുന്നു.

സബ്സിഡി മാർഗ്ഗ രേഖപ്രകാരം 50 ശതമാനം ഗുണഭോക്തൃ വിഹിതവും, 50 ശതമാനം സബ്സിഡിയും അനുവദിക്കുന്ന പദ്ധതിയാണ് ഇത്. സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖയിലെ സബ്സിഡി ധനസഹായങ്ങൾക്കുള്ള മാനദണ്ഡങ്ങളിൽ ഖ:2.12 ൽ വിവിധ ആനുകൂല്യങ്ങൾക്ക് ബാധകമായ കുടുംബ വാർഷിക വരുമാന പരിധി 5 ലക്ഷം രൂപയാണെന്ന് (പൊതു വിഭാഗം,പട്ടികജാതി വിഭാഗം)വ്യക്തമാക്കിയിട്ടുണ്ട്. അർഹത മാനദണ്ഡങ്ങൾ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹരായ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചപ്പോൾ വരുമാനം തെളിയിക്കുന്നതിനുവേണ്ടിയുള്ള വരുമാന സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വരുമാനം സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വിൽപ്പനക്കാരന്റെ പേര് |
|---|---|---|
| 1 | സുഗന്തി | അബ്ദുൾ ഹാരീസ് |
| 2 | സലീമ | അബ്ദുൾ ഹാരീസ് |
| 3 | പത്മാവതി | ആനന്ദ നായ്ക്ക് |
| 4 | ശ്രീജ | ചന്ദ്രഹാസ |
| 5 | സുജാത | മീനാക്ഷി |
| 6 | നബീസ | ഗണേഷ് പ്രസാദ് എം |
| 7 | ദേവകി | ലക്ഷ്മി ബി |
| 8 | പ്രമീള ഡി ചുൻഹ | അശോക ഡിസൂസ |
| 9 | രാജീവി | മീര |
| 10 | പ്രശാന്തി | രഞ്ജിത് കുമാർ കെ |
| 11 | കുഷലത | സുലോചന സുബ്ബണ്ണ ഷെട്ടി |

| | | |
|---|---|---|
| 12 | റോസമ്മ | ലൂസി തോമസ് |
| 13 | ബീഫാത്തിമ്മ | അബൂബക്കർ സഹദ് |
| 14 | തനൂജ | സത്യാവതി |
| 15 | ഫാത്തിമ്മ | മുഹമ്മദ് മുസ്തഫ എ.എസ് |
| 16 | ആയിഷത്ത് മർസാന | മൊയ്തീൻ കുട്ടി |
| 17 | ചിത്രാവതി | ലാവന്ദന ഭണ്ഡാരി |
| 18 | രേഹിണി ഷെട്ടി | ദേവി പ്രസാദ് |
| 19 | ഗായത്രി | കെ. ബട്ടുഷെട്ടി. |
| 20 | സുബൈദ | മുഹമ്മദ് ഷാഫി |
| 21 | സുജാത ബി | അശ്വനി |
| 22 | വാണി | പ്രവീൺ കുമാർ. പി |
| 23 | വിശാലാക്ഷി | അനിൽ കുമാർ ഡി |
| 24 | ലളിത | നവീന എ |
| 25 | സൗമ്യ | എ. പത്മനാഭ ഭട്ട് |
| 26 | കദീജമ്മ | നിഷാന |
| 27 | വിജയ | രേവതി |
| 28 | ഗീത | സുപ്രീത.കെ |
| 29 | വിശാലാക്ഷി | പുഷ്പാവതി |
| 30 | കമതാക്ഷി | സനത് കുമാർ |
| 31 | സുജാത മെന്ദാരോ | ഫ്രാൻസിസ് ഡിസൂസ |

ഓഡിറ്റ് എൻക്വയറി നം.02/14.09.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ പട്ടികയിൽ പരാമർശിച്ച അർഹരായ ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 7,75,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-15 പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം -നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

സ.ഉ.(പി) നം. 13/2012/പൊ.മ.വ. തീയതി 01.02.2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ സപ്ലിമെന്ററി കരാർ ചമച്ച് സെക്ഷൻ 2112.1 പ്രകാരമുള്ള തുക കാലാവധി ദീർഘിപ്പിച്ചുനൽകുന്നതിന് പിഴയായി അടവാക്കേണ്ടതുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്ത പക്ഷമുള്ള കാലാവധി ദീർഘിപ്പിക്കാവുന്ന കാലയളവും ഈടാക്കേണ്ട തുകയും ഇനി പറയും പ്രകാരമാണ്. കരാർ തുകയുടെ 1% തുക പിഴ ചുമത്തി (മിനിമം 1,000/-, പരമാവധി 50,000/-) ആദ്യത്തെ എക്സ്റ്റെൻഷൻ അനുവദിക്കുന്നത് പൂർത്തീകരണ കാലാവധിയുടെ 25% വരെയും (പരമാവധി 6മാസം) തുടർന്ന് കരാർ തുകയുടെ 2% തുക പിഴ ചുമത്തി (മിനിമം 2,000/-, പരമാവധി 1,00,000/-) പൂർത്തീകരണ കാലാവധിയുടെ 50% വരെയും സമയം അനുവദിക്കാവുന്നതുമാണ്. പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50ശതമാനത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. എന്നാൽ 2020-21 ൽ നിർവ്വഹണം ചെയ്ത ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികൾ നിശ്ചിത സമയ പരിധിയ്ക്കകം പൂർത്തീകരിക്കുകയോ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| പ്രൊജക്ട് നം, പേര്, ഫണ്ട് | കരാറുകാരന്റെ പേര്, കരാർ തുക | എഗ്രിമെന്റ് നം, തീയ്യതി | സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയ്യതി | പ്രവർത്തി പൂർത്തീകരിക്കേണ്ട കാലയളവ്, തീയ്യതി | പ്രവർത്തി പൂർത്തീകരിച്ച തീയ്യതി, (എം ബുക്ക് നം) | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 122/22, കളിയൂർ കമ്മ്യൂണിറ്റി ഹാൾ ടോയ്ലറ്റ്, (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ബി ഇബ്രാഹിം ബദിയാർ, 197000/- | AE/LSGD /MEJ/18 /2020-21, 05.11.2020 | 05.11.2020 | 3 മാസം, 04.02.2021 | 10.01.2022 (451/2020-21) | 3940/- (കരാർ തുകയുടെ 2%) |

മേൽ കരാറുകാരനിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 20/19.09.2022)

### 1-16 എം ബുക്കിൽ തെറ്റായി അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു-2757/- രൂപയുടെ അധിക ചെലവ്.

പ്രൊജക്ട് നം, പേര്- 168/22 (കൊളിയൂർ പദവ്, ബട്ടിപദവ്, കൊളിയു ഉഡ്യെ, മദംഗൽ എന്നീ അഗൻവാടികളിൽ കുടിവെള്ള സൗകര്യം)

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

ടി പ്രവൃത്തിയിലെ 5 ാം ഉപ ശീർഷകമായ Pipe Line & Tank എന്നതിലെ 3 ാം ഇനമായ 50.18.9.5.2 Providing And Fixing Pvc Pipes Including ...40 Mm Dia 6 Kgf/cm2 എന്ന പ്രവൃത്തി ചെയ്തതിനു എം ബുക്ക് നം. 18/21-22 പേജ് നം. 14 പ്രകാരം 66m ന് തുക അനുവദിക്കേണ്ടതിനു പകരം 80m ന് തുക അനുവദിച്ചത് മൂലം 2757/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ 3-1 ൽ ഉൾപ്പെട്ടിട്ടുണ്ട്.

### 1-17 ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ 29400/- രൂപയുടെ അധികച്ചെലവ്.

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 06.032019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.03.2019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇന്റക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്ക ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും വ്യവസ്ഥചെയ്യുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തുന്ന സാധന സാമഗ്രികൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദനീയമല്ല. ചുവടെ പറയും പ്രവൃത്തികളിൽ സ്ഥാപനം നൽകിയ 18% ജി.എസ്.ടി. തുക ഉൾപ്പെടെയുള്ള ഇൻവോയ്സ് തുകയ്ക്ക് 12% ജി.എസ്.ടി. കോമ്പൻസേഷൻ കൂടി അനുവദിച്ചതിനാൽ 29400/- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-18 പി.എച്ച്.സി- ആരോഗ്യ മേഖലയിൽ സമയബന്ധിതമായി മരുന്ന് ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിയേറ്റിവ് കേയർ |
| പ്രൊജക്റ്റ് നമ്പർ | 38/22 |
| നിർവ്വഹണ ഉദ്യോഗസ്ഥന് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി മീഞ്ച |
| അടങ്കൽ | Rs.7,80,000/ |
| ചെലവ് | Rs.7,40,180/ |
| പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ ചെലവ് | 2,49,290 |

| | |
|---|---|
| ബിൽ നമ്പർ /തീയ്യതി | 2120065201430094785 7/14-01-22=50000<br>2120065201430093922 1/13-01-22=87444<br>2120065201430093903 9/13-01-22=111846 |

മേൽ പ്രൊജക്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ മീഞ്ച പി.എച്ച്.സിക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് തൈക്കാട് തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ 2,49,290/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. .ഈ തുക 13-01-2022ന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയ്യതിവരെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് തൈക്കാട് തിരുവനന്തപുരം എന്ന സ്ഥാപനം മീഞ്ച പി.എച്ച്.സിക്ക്യ്ക്ക് 1,30,859/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയുള്ളൂ. ബാക്കി 1,18,431/- രൂപയുടെ രൂപയുടെ മരുന്ന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് തൈക്കാട് തിരുവനന്തപുരം എന്ന സ്ഥാപനം ഇനിയും ലഭ്യമാക്കേണ്ടതായിട്ടുണ്ട്. 1,18,431/- രൂപയുടെ മരുന്ന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഈ തുക ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.എത്രയും പെട്ടെന്ന് ബാക്കിമരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-19 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവ്യത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ .

2021-22 വർഷം ഗ്രാമ പഞ്ചായത്ത് നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ആകെ അളവുമൂല്യത്തിന്റെ കൂടെ 12% ജി.എസ്.ടി ഘടകവും കൂട്ടി കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ റിപ്പാർട്ടിലെ അനുബന്ധം-6ൽ പരാമർശിക്കുന്നപ്രവൃത്തികളുടെ കരാറുകാരിൽ നിന്നും TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല. അപാകത ശ്രദ്ധയിൽപെടുത്തുന്നു.

1-20 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തികരിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,

ലൈഫ് ഭവന പദ്ധതി -പൂർത്തീകരിക്കാ ത്ത ഭവനങ്ങൾ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് (രണ്ടാം ഘട്ടം,മൂന്നാം ഘട്ടം) ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 37 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനും, നിർമ്മാണം പൂർത്തീകരിച്ചിട്ടും ഉടർ ഗഡുക്കൾ നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.(യൂണിറ്റ് നിരക്ക് ജനറൽ ₹4,00,000/- എസ്.ടി ₹6,00,000/)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| | ജനറൽ ഗുണഭോക്താക്കൾ | | |
| 1 | ഫാത്തിമ | 2,40,000 | ലിന്റൽ |
| 2 | അവ്വമ്മ | 3,60,00 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 3 | സുഹറ | 2,00,000 | തറ |
| 4 | ബീഫാത്തിമ്മ | 2,00,000 | തറ |
| 5 | സീനത്ത് ബീഗം | 3,20,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 6 | ഭാരതി | 3,60,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 7 | പത്മാവതി | 3,60,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 8 | ഷീബ | 3,60,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |

| | | | |
|---|---|---|---|
| 9 | കുസുമ.കെ.യു | 3,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 10 | റാഹുല്ലാബി | 3,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 11 | നബാസത്തുൽ മിസറിയ.ഡി | 1,80,500 | ലിന്റൽ |
| 12 | കദീജമ്മ | 1,40,000 | ലിന്റൽ |
| 13 | ബേബി | 3,00,000 | മേൽക്കൂര |
| 14 | സഫിയ | 2,00,000 | ലിന്റൽ |
| 15 | ആയിസമ്മ | 3,00,000 | മേൽക്കൂര |
| 16 | ജയകുമാർ വി.ഡി | 3,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 17 | സുനന്ദ | 3,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 18 | സഫിയ | 40,000 | ലിന്റൽ |
| 19 | ജമീല | 3,20,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| | എസ്.സി.ഗുണഭോക്താക്കൾ | | |
| 20 | സുവാസിനി | 3,60,000 | മേൽക്കൂര |
| 21 | ശാരദ | 3,70,015 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 22 | കുസുമ.കെ | 3,60,000 | മേൽക്കൂര |
| 23 | ജയലക്ഷ്മി.കെ | 3,60,000 | മേൽക്കൂര |
| 24 | മഞ്ജുള.കെ | 3,00,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 25 | ലക്ഷ്മി | 3,60,000 | മേൽക്കൂര |
| 26 | വിനീത | 3,60,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |
| 27 | ശുഭ.ജെ | 1,40,000 | ഭിത്തി |
| 28 | ലളിത | 2,40,000 | മേൽക്കൂര |
| 29 | ശോഭ | 40,000 | തറ |
| 30 | ഭവ്യശ്രീ | 3,00,000 | മേൽക്കൂര |
| 31 | പ്രമീള.കെ | 3,00,000 | മേൽക്കൂര |
| 32 | ശോഭ.കെ | 40,000 | മേൽക്കൂര |
| 33 | ചന്ദ്രാവതി | 3,00,000 | മേൽക്കൂര |
| 34 | വിനോദകുമാരി | 3,00,000 | മേൽക്കൂര |
| 35 | സുധ.കെ | 2,95,000 | മേൽക്കൂര |
| 36 | ഗീതാഞ്ജലി | 40,000 | മേൽക്കൂര |
| 37 | രതി.ടി | 3,60,000 | പൂർത്തീകരണ അനുബന്ധ പ്രവർത്തികൾ |

വീട് റിപ്പയർ - വിധവ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബാക്കി നൽകാനുള്ള തുക |
|---|---|---|---|
| 1 | നബീസ | 40,000 | 40,000 |
| 2 | സുശീല | 40,000 | 40,000 |

ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (22.09.2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.27)

1-21 എസ്.സി കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണ്ണീച്ചർ വാങ്ങൽ പദ്ധതി അപാകതകൾ .

| | |
|---|---|
| പ്രോജക്ട് നം. | S0003/22, |
| പ്രോജക്ടിന്റെ പേര് | എസ്.സി കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണ്ണീച്ചർ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടി |
| അടങ്കൽ | 1,20,000/-വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് തുക | 1,17,731/-രൂപ |
| ബിൽ റഫറൻസ് നമ്പർ, തീയതി | 21200652014200546309/ 22.10.2021 |

2021-22 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.സി കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതിക്കായി (പ്രോജക്ട് നമ്പർ S0003/22,)ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 24.08.2021 തീയ്യതിയിലെ 3/3 നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്തിലെ 4 വാർഡുകളിൽ സ്ഥിതിചെയ്യുന്ന എസ്.സി കമ്മ്യൂണിറ്റി ഹാളുകളിലേക്ക് കൈയുള്ള പ്ലാസ്റ്റിക് കസേരയും (100 എണ്ണം), 4 സ്റ്റീൽ മേശയും വാങ്ങുന്നതിനു വേണ്ടി വികസന ഫണ്ടിൽ (എസ്.സി.പി) നിന്നും 1,17,731/-രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ അംഗീകൃത സ്ഥാപനമായ സിഡ്കോ ലിമിറ്റഡ് ഇന്റസ്ട്രീയൽ എസ്റ്റേറ്റ് വിദ്യാനഗർ, കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് (സപ്ലൈ ഓർഡർ നം.എ.എസ്.03/2021 തീയ്യതി.16.09.2021) ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട്. സിഡ്കോ ലിമിറ്റഡ് ഇന്റസ്ട്രീയൽ എസ്റ്റേറ്റ് വിദ്യാനഗർ കാസർഗോഡ് എന്ന സ്ഥാപനത്തിന്റെ 20.10.2021 തീയ്യതിയിലെ ഇൻവോയ്സ് നമ്പർ.KSGD/21-22/36 പ്രകാരം കൈയുള്ള പ്ലാസ്റ്റിക് കസേരയും (100 എണ്ണം),4 സ്റ്റീൽ മേശയും വാങ്ങിയതിന്റെ വിലയായി 1,17,731/-രൂപ മേൽ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക(അക്കൗണ്ട് നം.57053702971) ട്രാൻസ്ഫർക്രെഡിറ്റ് നൽകിയിട്ടുണ്ട്.എന്നാൽ ഈ പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ ഏതൊക്കെ എസ്.സി കമ്മ്യൂണിറ്റി ഹാളുകൾക്കാണ് (കമ്മ്യൂണിറ്റി ഹാളിന്റെ പേര്) വിതരണം ചെയ്തിട്ടുള്ളത്, എസ്.സി കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണിച്ചർ വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ/വിതരണ രജിസ്റ്റർ, കമ്മ്യൂണിറ്റി ഹാളുകൾ ഫർണിച്ചറുകൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രശീതികൾ, കമ്മ്യൂണിറ്റി ഹാളുകൾ ഫർണിച്ചറുകൾ വാങ്ങി അവ സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ, വാങ്ങിയ ഫർണിച്ചറുകളുടെ ഗുണ നിലവാരം പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ചതിന്റെ രേഖകൾ, പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.03/15.09.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 1,17,731/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-22 ആരോഗ്യ മേഖലയിൽ സമയബന്ധിതമായി മരുന്ന് ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | S0049/22 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ |
| അടങ്കൽ | 1,50,000 |
| ചെലവ് തുക | 1,50,000 |
| ബിൽ റഫറൻസ് നമ്പർ, തീയതി | 21200652014500622204/09-11-2021 |

മീഞ്ച ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലയിൽ (ഹോമിയോ)മരുന്ന് വാങ്ങുന്നതിനായി വാർഷിക പദ്ധതി പ്രകാരം1,50,000/-രൂപ മെഡിക്കൽ ഓഫീസർ കേരള സംസ്ഥാന ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് പാതിരപ്പള്ളി ആലപ്പുഴക്ക് മുൻകൂറായി കൈമാറിയിട്ടുണ്ട്. ഇതു പ്രകാരം ലഭ്യമാകേണ്ട മരുന്നുകൾ നാളിതുവരെയായി ഡിസ്പെൻസറിക്ക് ലഭ്യമാക്കിയിട്ടില്ല. മെഡിക്കൽ ഓഫീസർ-ഹോമിയോ നിന്നും കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും , ലഭ്യത ഉറപ്പാക്കി ഇതു സംബന്ധിച്ച മറുപടി ബന്ധപ്പെട്ട മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക 1,50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 8തീയ്യതി 16-09-2022)

1-23 ചെയ്യാത്ത ഇനം പ്രവൃത്തിക്ക് അളവ് രേഖപ്പെടുത്തി തുക നൽകി-23363/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ ഒബ്സർവ്ഡ് ഡാറ്റയായി Providing Name Board എന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങി എം ബുക്ക് പ്രകാരം നിർവഹണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ LID&EWഅസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 20.09.2022, 22.09.2022 എന്നീ തിയ്യതികളിലായി നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത Name Board സ്ഥാപിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-24 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കൽ-അപാകത (പട്ടിക വർഗം)

2021-22വർഷ വാർഷിക പദ്ധതി പ്രകാരം മീഞ്ച ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ വിഭാഗത്തിൽ പെട്ട ഒരു വിദ്യാർത്ഥിക്ക് ലാപ് ടോപ്പ് വിതരണം ചെയ്തിരുന്നു.ആയതിൻെറ ചെലവു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| ഫണ്ട് | വികസന ഫണ്ട് (ടി എസ് പി) |
| ബിൽ നം.തീയതി | 2120065201830054608O തീയതി 21-10-2021 |
| പ്രോജക്ട് നം. | 75/22 |
| അടങ്കൽ | 1,16,706 |
| ചെലവ് | 27,229 |

ലാപ് ടോപ്പ് വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയ്സ്, പട്ടിക വർഗ വികസന വകുപ്പ് , ബ്ലോക്ക്പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 27,229/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (16-09-2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.9ന് മറുപടി നല്കിയിട്ടില്ല).

1-25 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കൽ-അപാകത (പട്ടിക ജാതി)

2021-22 ലെ വാർഷിക പദ്ധതി പ്രകാരം മീഞ്ച ഗ്രാമ പഞ്ചായത്തിലെ പട്ടിക ജാതി വിഭാഗത്തിൽ പെട്ട 9 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തിരുന്നു.ആയതിൻെറ ചെലവു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

| | |
|---|---|
| ഫണ്ട് | വികസന ഫണ്ട് ( എസ് സി പി) |
| ബിൽ നം.തീയതി | 1)21200652018300429638 തീയതി 20-09-2021<br>2)21200652018300546240 തീയതി 22-10-2021 |
| പ്രോജക്ട് നം. | 69/22 |
| അടങ്കൽ | 2,80,000 |
| ചെലവ് | 2,45,061 |

ലാപ് ടോപ്പ് വാങ്ങിയതിൻെറ ഒറിജിനൽ ഇൻവോയ്സ്, പട്ടിക ജാതി വികസന വകുപ്പ് , ബ്ലോക്ക്പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 2,45,061/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (16-09-2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.17ന് മറുപടി സമർപ്പിച്ചിട്ടില്ല).

### 1-26 എസ് എസ് കെ -പഞ്ചായത്ത് വിഹിതം നല്കിയത്

2021-22 ലെ വാർഷിക പദ്ധതി പ്രകാരം എസ് എസ് കെ പദ്ധതിക്കുള്ള പഞ്ചായത്ത് വിഹിതമായി 10,00,000/-രൂപ സ്റ്റേറ്റ് പ്രൊജക്ട് ഓഫീസറുടെ 0819101104302 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു .ആയതിൻെറ ചെലവു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| ഫണ്ട് | വികസന ഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം.തീയതി | 21200652018300247784 തീയതി 28-07-2021 |
| പ്രോജക്ട് നം. | 78/22 |
| അടങ്കൽ | 10,00,000 |
| ചെലവ് | 10,00,000 |

പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക 10,00,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (16-09-2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.11ന് മറുപടി നല്കിയിട്ടില്ല).

### 1-27 വിജ്ഞാൻ ജ്യോതി പദ്ധതി നടപ്പിലാക്കിയത്

2021-22 ലെ വാർഷിക പദ്ധതി പ്രകാരം വിജ്ഞാൻ ജ്യോതി പദ്ധതിയിൽ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ 57026996123 നമ്പർ അക്കൗണ്ടിൽ 15,750/-രൂപയും 38444973213 നമ്പർ അക്കൗണ്ടിൽ 2,05,000/- രൂപയും നിക്ഷേപിച്ചിരുന്നു . ആയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| ഫണ്ട് | വികസന ഫണ്ട് (പൊതുവിഭാഗം) |
| ചെക്ക് നം.തീയതി | 5865646 തീയതി 14-03-2022 |
| പ്രോജക്ട് നം. | 78/22 |
| അടങ്കൽ | 3,00,000 |
| ചെലവ് | 2,20,750 |

പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക 2,20,750/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (16-09-2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.13ന് മറുപടി നല്കിയിട്ടില്ല).

### 1-28 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു

2021-22 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം "സേവന" വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായും കാണകയുണ്ടായി (2021-22 ലെ അപേക്ഷാ രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ വിവരങ്ങൾ, 2021-22 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.) സ. ഉ. (എം എസ്)483/17/ധന/06.11.17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിംഗ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്തഗഡു മുതൽ പെൻഷൻ അനുവദിക്കാവുന്നതല്ല എന്നതുമാണ് സർക്കാർ നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താകൾക്ക് ചുവടെ ചേർത്തപ്രകാരം തുടർന്നും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|---|
| | | | | | മാസം | അനുവദിച്ച തുക |
| 1 | രാമമൂല്യ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 710631312335 | 111820200322 | 04.12.2021 | 2022 ജനുവരി മുതൽ 2022 ഓഗസ്റ്റ് വരെ | 1,600 X 8 12,800 |
| 2 | ബാബു നായ്ക്ക് (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 636155079974 | 111820202148 | 11.10.2021 | 2021 നവംബർ | 1,600 X 1 1,600 |
| 3 | അബ്ദുള്ള (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 807521833148 | 111820202421 | 20.09.2021 | 2021 ഒക്ടോബർ മുതൽ 2021 നവംബർ വരെ | 1,600 X 2 3,200 |
| 4 | പള്ളി കുഞ്ഞി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 306432865379 | 111820200226 | 02.08.2021 | 2021 സെപ്റ്റംബർ | 1,600 X 1 1,600 |
| 5 | ഹിലാരി ഡിസൂസ (ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ) | 530328676807 | 111820400131 | 29.07.2021 | 2021 ഓഗസ്റ്റ് മുതൽ 2021 സെപ്റ്റംബർ വരെ | 1,600 X 2 3,200 |
| 6 | വേദാവതി | 843114916312 | 111820200533 | 11.07.2021 | 2021 ഓഗസ്റ്റ് | 1,600 X 2 |

| | | | | | | |
|---|---|---|---|---|---|---|
| | (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | | | | മുതൽ 2021 സെപ്റ്റംബർ വരെ | 3,200 |
| 7 | നോനയ്യ ഷെട്ടിഗാർ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 633874195641 | 111820200110 | 24.04.2021 | 2021 മെയ് | 1,600 X 1 1,600 |
| 8 | ശാരദ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 676477726634 | 111820200188 | 19.05.2021 | 2021 ഏപ്രിൽ മുതൽ 2021 ജൂൺ വരെ | 1,600 X 3 4,800 |
| 9 | ഷെയ്ക്ക് ഇബ്രാഹിം സാഹിബ് (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 884223775023 | 111820202236 | 30.04.2021 | 2021 മെയ് | 1,600 X 1 1,600 |
| | | | | | ആകെ | 33,600 |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാത് മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്. (സ.ഉ(പി) 97/20/ധന/23.9.20) ഖ. 13) മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.19/19.09.2022) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യസുരക്ഷ പെൻഷൻ ഇനത്തിൽ നൽകിയ തുകയായ 33,600/-രൂപ തിരികെ ഈടാക്കി ഡി ബി ടി സെല്ലിലേക്ക് തിരിച്ചടച്ച് വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 2021-22 വർഷത്തെ ഡെത്ത് രജിസ്ട്രേഷൻ രജിസ്റ്ററിൽ 186 മരണം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡെത്ത് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ സേവന പെൻഷൻ വിവരങ്ങളുമായി ഒത്തു നോക്കി, ഇപ്രകാരമുള്ള ആരെങ്കിലും പെൻഷൻ വാങ്ങിക്കൊണ്ടിരുന്നവരായിരുന്നുവെങ്കിൽ എത്രയും വേഗം പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കേണ്ടതും, മരണപ്പെട്ട ശേഷവും പ്രസ്തുത ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് എത്രയും വേഗം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എം ബുക്കിൽ തെറ്റായി അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു-2757/- രൂപയുടെ അധിക ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | 168/22 (കൊളിയൂർ പദവ്, ബട്ടിപദവ്, കൊളിയു ഗുഡ്ഡെ, മദംഗൽ എന്നീ അഗൻവാടികളിൽ കുടിവെള്ള സൗകര്യം) | | |
| അടങ്കൽ | ₹ 600000/- (വികസന ഫണ്ട്-പൊതുവിഭാഗം) | | |
| എം. ബുക്ക് നം. | 18/21-22 | | |
| കരാറുകാരൻ | മമ്മദ് ആരിഫ് എം | | |
| ക്വാട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | ബിൽ നം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 21200652017401387434/ 19.03.2022 | ₹ 108399/- | ₹ 106453/- |
| | 21200652017401467604/ 26.03.2022 | ₹ 475517/- | ₹ 458490/- |
| ആകെ | | ₹ 583916/- | ₹ 564943/- |

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതി കൊളിയൂർ പദവ്, ബട്ടിപദവ്, കൊളിയു ഗുഡ്ഡെ, മദംഗൽ എന്നീ അഗൻവാടികളിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട അളവുകൾ എം ബുക്കിൽ രേഖപ്പെടുത്തിയതിലെ അപാകത മൂലം 2757/- രൂപയുടെ അധിക ചെലവ് സംഭവിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ടി പ്രവൃത്തിയിലെ 5 ാം ഉപ ശീർഷകമായ Pipe Line & Tank എന്നതിലെ 3 ാം ഇനമായ 50.18.9.5.2 Providing And Fixing Pvc Pipes Including Jointing Of Pipes With One Step Pvc Solvent Cement, Trenching, Refilling And Testing Of Joints Complete As Per Direction Of Engineer In Charge 40 Mm Dia 6 Kgf/cm2 എന്ന പ്രവൃത്തി 80.00m ചെയ്യുന്നതിന് മീറ്ററിന് 175.84 രൂപ നിരക്കിൽ ആകെ 14067.20 രൂപയാണ് എസ്റ്റിമേറ്റിൽ (എസ്റ്റിമേറ്റ് നം. 2021/166419) വകയിരുത്തിയിട്ടുള്ളത്.

എം ബുക്ക് നം. 18/21-22 പേജ് നം. 14 പ്രകാരം ടി പ്രവൃത്തിയുടെ അളവായി രേഖപ്പെടുത്തിയിട്ടുള്ളത് 66.00m എന്നാണ്. എന്നാൽ ഇതേ അളവ് ഇതേ എം ബുക്കിലെ പേജ് നം. 22 ലേക്ക് ക്യാരി ഓവർ ചെയ്തപ്പോൾ 66.00m ന് പകരമായി 85.10m എന്ന് തെറ്റായി രേഖപ്പെടുത്തുകയും ആയത് എസ്റ്റിമേറ്റ് പ്രകാരമുള്ള അളവായ 80.00m ലേക്ക് നിജപ്പെടുത്തി 175.84/m നിരക്കിൽ ടി പ്രവൃത്തി ചെയ്തതിന് ആകെ 14067.20 രൂപയുടെ മൂല്യം രേഖപ്പെടുത്തുകയുണ്ടായി.

| ഐറ്റം നം. | വിശദാംശം | അനുവദിച്ച മൂല്യം | യഥാർത്ഥത്തിൽ അനുവദിക്കേണ്ടിയിരുന്ന മൂല്യം | അധികമായി അനുവദിച്ചത് |
|---|---|---|---|---|
| 3 | Providing | 80.00 X | 66.00 X 175.84=11605.44 | 2461.76 |

| | | | | |
|---|---|---|---|---|
| | And Fixing Pvc Pipe 40mm Dia 6 Kgf/cm2 | 175.84=14067.20 | | (14067.20-11605.44) |

മേൽ പ്രവൃത്തിക്കായി കരാറുകാരന് തുക അനുവദിച്ചപ്പോൾ 12% നിരക്കിൽ ജി.എസ്.ടി കോമ്പൻസേഷൻ കൂടി ഇതോടൊപ്പം അനുവദിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പ്രവൃത്തിക്കായി ഇപ്രകാരം ആകെ 2461.76x 1.12=2757/- രൂപ അധികം പിൻവലിക്കുകയുണ്ടായി. മേൽ അപാകത ഓഡിറ്റ് എൻക്വയറി നം. 15/19.09.2022 മുഖേന നിർവഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രവൃത്തിക്കായി അധികം ചെലവഴിച്ച 2757/-രൂപ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയും ബാദ്ധ്യതയായി നിജപ്പെടുത്തുന്നു.

3-2 ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ 29400/- രൂപയുടെ അധികച്ചെലവ്.

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 06.032019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.03.2019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇൻഡക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും വ്യവസ്ഥചെയ്യുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തുന്ന സാധന സാമഗ്രികൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദനീയമല്ല. ചുവടെ പറയും പ്രവൃത്തികളിൽ സ്ഥാപനം നൽകിയ 18% ജി.എസ്.ടി. തുക ഉൾപ്പെടെയുള്ള ഇൻവോയ്സ് തുകയ്ക്ക് 12% ജി.എസ്.ടി. കോമ്പൻസേഷൻ കൂടി അനുവദിച്ചതിനാൽ 29400/- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.മജിബൈൽ ഗവ. എൽ.പി സ്കൂളിൽ കുടിവെള്ള സൗകര്യം

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | 164/22 (മജിബൈൽ ഗവ. എൽ.പി സ്കൂളിൽ കുടിവെള്ള സൗകര്യം) | | |
| അടങ്കൽ | ₹ 200000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | | |
| എം. ബുക്ക് നം. | 22/20-21 | | |
| കരാറുകാരൻ | നാസിർ | | |
| ക്വാട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | ബിൽ നം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 21200652017401005695/ 25.01.2022 | ₹196207/- | ₹192703/- |

DSR 2016 (Cost Index 32.04%) അടിസ്ഥാനമാക്കി തയ്യാറാക്കിയ മജിബൈൽ ഗവ. എൽ.പി സ്കൂളിൽ കുടിവെള്ള സൗകര്യം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ (EST NO: 2021/66392) ബോർ വെൽ സ്ഥാപിക്കുന്നതിന് 91850/-രൂപയും മോട്ടോറും ഇലക്ട്രിഫിക്കേഷനുമായി Lump Sum Provision രേഖപ്പെടുത്തി 35000/- രൂപയും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 50001 രൂപയും 12% ജി.എസ്.ടി തുകയും ഉൾപ്പെടെ ആകെ 200000/-രൂപയാണ് വകയിരുത്തിയത്.

പ്രവൃത്തി ചെയ്തതിന് കരാറുകാരന് ചുവടെ വിവരിക്കും പ്രകാരം 192703/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | ₹175185/- |

| | |
|---|---|
| (+) 12% GST | ₹21022/- |
| ആകെ | ₹196207/- |
| (-) ആദായ നികുതി @ 1% | ₹1752/- |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1% | ₹1752/- |
| കരാറുകാരന് നല്കിയ തുക | ₹196207/- |

അളവ് പുസ്തകം പ്രകാരം പ്രവൃത്തിയിലെ ഐറ്റം നമ്പർ മൂന്ന് ആയ മോട്ടോറും ഇലക്ട്രിഫിക്കേഷനുമായി (LS Motor And Electrification) എം ബുക്കിലെ പേജ് നം. 17 ൽ35000/- രൂപയുടെ അളവ് മൂല്യം രേഖപ്പെടുത്തിയത് MIG Trading, City Tower, Hosangadi, Manjeswar എന്ന സ്ഥാപനത്തിൽ നിന്നും Invoice No 890/05.01.2022 തുക 36840/-പ്രകാരം വാങ്ങിയ സാധനങ്ങളുടെ വില എസ്റ്റിമേറ്റ് തുകയായ 35000/- രൂപയിൽ നിജപ്പെടുത്തിയാണ്. സ്ഥാപനം നൽകിയ ഇൻവോയ്സിൽ 18% ജി.എസ്.ടി. തുക കൂടി ഉൾപ്പെടുന്നതിനാൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ 35000/- രൂപയുടെ 12% ജി.എസ്.ടി കോമ്പൻസേഷൻ വീണ്ടും നൽകേണ്ടതില്ല. എന്നാൽ ഈ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിച്ചപ്പോൾ മോട്ടോറും അനുബന്ധ സാമഗ്രികളും വാങ്ങിയ ഇൻവോയ്സ് പ്രകാരമുള്ള 35000/- രൂപയുടെ 12% ജി.എസ്.ടി കോമ്പൻസേഷനും കണക്കാക്കിയിട്ടുണ്ട്. ഇതുമൂലം 4200/- (35000 X1.12) രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്.

2. കൊളിയൂർ പദവ്, ബട്ടിപ്പദവ്, കൊളിയുഗഡ്ഡെ, മാദംഗൽ എന്നീ അംഗൻവാടികളിൽ കുടിവെള്ള സൗകര്യം

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | 168/22 (കൊളിയൂർ പദവ്, ബട്ടിപ്പദവ്, കൊളിയുഗഡ്ഡെ, മാദംഗൽ എന്നീ അംഗൻവാടികളിൽ കുടിവെള്ള സൗകര്യം) | | |
| അടങ്കൽ | ₹ 600000 രൂപ (വികസന ഫണ്ട്-ജനറൽ) | | |
| എം. ബുക്ക് നം. | 18/21-22 | | |
| കരാറുകാരൻ | മമ്മദ് ആരിഫ് | | |
| ക്വാട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | ബിൽ നം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 21200652017401387434/ 19.03.2022 | ₹108399/- | ₹106453 /- |
| | 21200652017401467604/ 26.03.2022 | ₹475517/- | ₹458490/- |
| ആകെ | | ₹583916/- | ₹564943 /- |

DSR 2016 (Cost Index 32.04%) അടിസ്ഥാനമാക്കി തയ്യാറാക്കിയ മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ (EST NO: 2021/66419) ബട്ടിപ്പദവ് ബോർ വെൽ സ്ഥാപിക്കുന്നതിന് 85200/-രൂപയും കൊളിയൂർ പദവ് ബോർ വെൽ സ്ഥാപിക്കുന്നതിന് 103500/ രൂപയും കൊളിയുഗഡ്ഡെ ബോർ വെൽ സ്ഥാപിക്കുന്നതിന് 86875/ രൂപയും മോട്ടോറും ഇലക്ട്രിഫിക്കേഷനുമായി Lump Sum Provision രേഖപ്പെടുത്തി 160000/- രൂപയും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 96704/- രൂപയും 12% ജി.എസ്.ടി തുകയും ഉൾപ്പെടെ ആകെ 600000/-രൂപയാണ് വകയിരുത്തിയത്.

പ്രവൃത്തി ചെയ്തതിന് കരാറുകാരന് ചുവടെ വിവരിക്കും പ്രകാരം 564943/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | ₹521354/- |
| (+) 12% GST | ₹62562/- |
| ആകെ | ₹583916/- |
| (-) ആദായ നികുതി @ 1% | ₹5214/-(968+4246) |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1% | ₹5214/-(968+4246) |
| (-)ജി.എസ്.ടി @ 2% | ₹8492/- |
| (-) സെസ്സ് | ₹53/- |
| കരാറുകാരന് നല്കിയ തുക | ₹564943/- |

അളവ് പുസ്തകം പ്രകാരം പ്രവൃത്തിയിലെ ഐറ്റം നമ്പർ നാല് ആയ മോട്ടോറും ഇലക്ട്രിഫിക്കേഷനുമായി (LS Motor And Electrification) എം ബുക്കിൽ ൽ 160000/- രൂപയുടെ അളവ് മൂല്യം രേഖപ്പെടുത്തിയത് അൽ അറഫ ട്രേഡിംഗ്, യൂണിറ്റി ടവർ, മഞ്ചേശ്വരം എന്ന സ്ഥാപനത്തിൽ നിന്നും ചുവടെ പറയും ഇൻവോയ്സ് പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിലയായ 160044/- രൂപ എസ്റ്റിമേറ്റ് തുകയിൽ നിജപ്പെടുത്തിയാണ്.

| അംഗൻവാടിയുടെ പേര് | ഇൻവോയ്സ് നം./ തിയ്യതി | തുക | അളവ് രേഖപ്പെടുത്തിയ എം ബുക്ക് നം, പേജ് |
|---|---|---|---|
| ബട്ടിപ്പദവ് | 1885/22.02.2022 | 45617/- | 19/21-22, നം.18 |
| കൊളിയൂഗുഡ്ഡെ | 1883/20.02.2022 | 55260/- | 19/21-22, നം.19 |
| മാദംഗൽ | 1886/23.02.2022 | 18901/- | 19/21-22, നം.20 |
| കൊളിയൂർ പദവ് | 1884/21.02.2022 | 40266/- | 19/21-22, നം.21 |
| ആകെ | | 160044/- | |

സ്ഥാപനം നൽകിയ ഇൻവോയ്സിൽ 18% ജി.എസ്.ടി. തുക കൂടി ഉൾപ്പെടുന്നതിനാൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ 160000/- രൂപയുടെ 12% ജി.എസ്.ടി കോമ്പൻസേഷൻ വീണ്ടും നൽകേണ്ടതില്ല. എന്നാൽ ഈ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിച്ചപ്പോൾ മോട്ടോറും അനുബന്ധ സാമഗ്രികളും വാങ്ങിയ ഇൻവോയ്സ് പ്രകാരമുള്ള 160000/- രൂപയുടെ 12% ജി.എസ്.ടി കോമ്പൻസേഷനും കണക്കാക്കിയിട്ടുണ്ട്. ഇതുമൂലം 19200/- (160000 X 1.12) രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്.

3.സങ്കബയൽ എന്ന സ്ഥലത്ത് കുടിവെള്ള സൗകര്യം

| | |
|---|---|
| പ്രൊജക്ട് നം. | 167/22 (സങ്കബയൽ എന്ന സ്ഥലത്ത് കുടിവെള്ള സൗകര്യം) |
| അടങ്കൽ | ₹200000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| എം. ബുക്ക് നം. | 23/21-22 |
| കരാറുകാരൻ | മമ്മദ് ആരിഫ് എം |
| ക്വാട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |

| കരാറുകാരന് നൽകിയ തുകയുടെ വിവരം | വൗച്ചർ നം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
|---|---|---|---|
| | 212100812/ 26.03.2022 | ₹199207/- | ₹ 195473/- |

